# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1426

21.03.2012 ൽ മറുപടിക്ക്

### ഗ്രാമ സേവ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. കെ.സി.ജോസഫ്<br>ഗ്രാമ വികസനവും ആസൂത്രണവും<br>നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി |
| എ) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമ സേവ കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട് |
| ബി) ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ്; | ബി) ഈ കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതികളും ചുവടെ ചേർത്തിരിക്കുന്നു.<br>1.ഗ്രാമ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഓഫീസ് സംവിധാനം ഒരുക്കൽ.<br>2.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പടെ എല്ലാ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ. |

3. മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിൽ എത്തിച്ച് അവ സമന്വയത്തിലൂടെ ഗ്രാമ പ്രദേശങ്ങളിലെ ആസ്തികളുടെ ഉദ്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കൽ

4. പൊതു ജനങ്ങൾക്കും ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്കും വിവര സാങ്കേതിക വിദ്യയിലൂടെ ഇന്ന് ലഭിക്കുന്ന സേവനങ്ങൾ ലഭ്യമാക്കൽ.

സി) ഈ കേന്ദ്രങ്ങൾ നടത്തുന്നതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്?

സി) പ്രസ്തുത കേന്ദ്രങ്ങളുടെ നിർമ്മാണത്തിനാവശ്യമായ അവിദഗ്ധ തൊഴിലാളികളുടെ കൂലി 100% ഉം വിദഗ്ധ/ അർദ്ധ വിദഗ്ധ തൊഴിലാളികളുടെ കൂലിയുടെയും സാധന സാമഗ്രികളുടെ വിലയുടേയും 75 % ഉം കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ